**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **08-10-2024 - ൽ മറുപടിയ്ക്ക്**

**അതിരപ്പള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അതിരപ്പിള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനായി വെറ്റിലപ്പാറയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.എല്ലിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2019-ൽ മുൻ എം.എൽ.എ. ശ്രീ.ബി.ഡി. ദേവസ്സിയുടെ നേതൃത്വത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തും, എക്സ് സർവീസ് മെൻ സൊസൈറ്റിയും, കെ.എസ്.ഇ.ബി.എൽ. ഉം ചേർന്ന് സംയുക്തമായി നടത്തിയ സ്ഥല പരിശോധനയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിനു പുറകുവശത്തായുള്ള 80 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി.<br><br>സബ്സ്റ്റേഷൻ നിലവിൽ വരുന്നതോടെ ഗാർഹിക മേഖലയിലും, അതിരപ്പിള്ളി വാഴച്ചാൽ കേന്ദ്രീകൃതമായി വിനോദസഞ്ചാര മേഖലയിലും, വാണിജ്യ കാർഷിക വ്യാവസായിക മേഖലയിലുമുള്ള വൈദ്യുതി സംബന്ധിയായ പ്രശ്നങ്ങൾക്ക് മതിയായ പരിഹാരമാകുന്നതാണ്. |
| (സി) | സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ? | (സി) | പദ്ധതിക്കായുള്ള സാങ്കേതിക/സാധ്യതാ പഠനം നടന്നു വരികയാണ്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന പക്ഷം എക്സ് സർവീസ് മെൻ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടവുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ